പാപ്പാ ഫ്രാൻസിസിന്റെ

# FRATELLI TUTTI

ചാക്രിക ലേഖനം

സാഹോദര്യത്തെയും സാമൂഹിക സൗഹൃദത്തെയും കുറിച്ച്

## എന്താണത്?

'വിശ്വാസവെളിച്ചം' (Lumen fidei 2013) 'അങ്ങേയ്ക്ക് സ്തുതിയായിരിക്കട്ടെ' *(Laudato Si' 2015)* എന്നിവയ്ക്കുശേഷം പാപ്പാ ഫ്രാൻസിസിന്റെ മൂന്നാമത്തെ ചാക്രികലേഖനം

2020 ഒക്ടോബർ 3-ന് ഇറ്റലിയിലെ അസ്സീസിയിൽ പാപ്പാ ഒപ്പുവച്ചു.

## അതിന്റെ അടിസ്ഥാനം എന്താണ്?



- സമീപവർഷങ്ങളിൽ പാപ്പായ്ക്ക് ഉത്ക്കണ്ഠ ജനിപ്പിച്ച സാഹോദര്യത്തെയും സാമൂഹിക സൗഹൃദത്തെയും സംബന്ധിച്ച പ്രശ്നങ്ങൾ.
- 'ലോക സമാധാനത്തെയും മാനവകുലം ഒരുമിച്ച് ജീവിക്കുന്നതിനെയും കുറിച്ചുള്ള വിശ്വസാഹോദര്യപ്രഖ്യാപനത്തിൽ 2019 ഫെബ്രുവരിയിൽ ഗ്രാന്റ് ഇമാം അഹമ്മദ് അത് തയ്യേബും പാപ്പാ ഫ്രാൻസിസും സംയുക്തമായി ഒപ്പുവച്ചു.

## ആരെയാണ് അത് സംബോധന ചെയ്യുന്നത്?



ഈ വിചിന്തനത്തെ അംഗീകരിക്കുകയും സംവാദത്തിനായുള്ള ക്ഷണം സ്വീകരിക്കുകയും ചെയ്യുന്ന എല്ലാ വ്യക്തികളെയും ഉദ്ദേശിച്ചാണിത്.

## ചാക്രിക ലേഖനം ചിട്ടപ്പെടുത്തിയിരിക്കുന്നത് എങ്ങനെയാണ്?

- പൊതുവായ ഒരു അവതാരികയും 8 അദ്ധ്യായങ്ങളും അടങ്ങുന്നതാണ് *'Fratelli tutti'*

**അവതാരിക**
**അദ്ധ്യായം 1 :** അടഞ്ഞ ലോകത്തിനു മുകളിൽ ഇരുണ്ട മേഘങ്ങൾ
**അദ്ധ്യായം 2 :** പാതയിലെ അപരിചിതൻ
**അദ്ധ്യായം 3 :** മുൻകാണുകയും അഭിമുഖീകരിക്കുകയും ചെയ്യേണ്ട ഒരു തുറന്ന ലോകം.
**അദ്ധ്യായം 4 :** മുഴുവൻ ലോകത്തിനായും തുറന്ന ഒരു ഹൃദയം.
**അദ്ധ്യായം 5 :** മികവുറ്റ രാഷ്ട്രീയം
**അദ്ധ്യായം 6 :** സൗഹൃദവും സംവാദവും സമൂഹത്തിൽ
**അദ്ധ്യായം 7 :** നവീകരിച്ച കണ്ടുമുട്ടലിന്റെ പാതകൾ
**അദ്ധ്യായം 8 :** സാഹോദര്യത്തിന്റെ പ്രയോക്താക്കളാകേണ്ട മതങ്ങൾ

## ഇതിലെ നിർദ്ദേശങ്ങൾ എന്തൊക്കെയാണ്?



- സാഹോദര്യത്തിനും സാമൂഹിക സൗഹൃദത്തിനുമായി സമർപ്പിക്കപ്പെട്ട ചാക്രിക ലേഖനമാണിത്.
- സഹോദര സ്നേഹത്തെക്കുറിച്ചുള്ള തത്വത്തിന്റെ വിശ്വവ്യാപകമായ ആശയങ്ങളാണ് അത് കൈകാര്യംചെയ്യുന്നത്.
- സാഹോദര്യത്തിന്റെയും സാമൂഹിക സൗഹൃദത്തിന്റെയും ഒരു പുതിയ ദർശനം മുന്നോട്ട് വയ്ക്കുകയാണ് അതിന്റെ ലക്ഷ്യം
- ഒരേ ശരീരം പങ്കുവെയ്ക്കുന്ന സഹയാത്രികരായും ഒരേ മാനവകുടുംബത്തിലെ അംഗങ്ങളായും സ്വപ്നം കാണുവാൻ അത് നമ്മെ പ്രേരിപ്പിക്കുന്നു.

## ഇതിന്റെ ശീർഷകം എവിടെന്നാണ്?



- അസ്സീസിയിലെ വിശുദ്ധ ഫ്രാൻസീസിന്റെ ഒരു പ്രയോഗമാണ് "എല്ലാവരും സഹോദരങ്ങൾ'" *(Fratelli tutti)* (ശാസനങ്ങൾ 6, 1).
- സുവിശേഷ ചൈതന്യത്താൽ മുദ്രണംചെയ്ത ഒരു ജീവിതശൈലിക്ക് ആഹ്വാനം ചെയ്യുന്നതിനാണ് വിശുദ്ധൻ ഈ ആശയം ഉപയോഗിച്ചത്.
- ഭൂമിശാസ്ത്രത്തിന്റെയും ദൂരത്തിന്റെയും അതിരുകളെ ലംഘിക്കുന്ന സ്നേഹത്തിലേക്ക് വിശുദ്ധ ഫ്രാൻസിസ് എല്ലാ സ്ത്രീ-പുരുഷന്മാരെയും ക്ഷണിക്കുന്നു.

### സഭൈക്യത്തിനുള്ള ക്രൈസ്തവ പ്രാർത്ഥന

'പരിശുദ്ധാത്മാവേ, അങ്ങ് എഴുന്നള്ളി വരണമേ! ഭൂമിയിലെ എല്ലാ ജനങ്ങളിലും പ്രതിഫലിക്കുന്ന അവിടുത്തെ സൗന്ദര്യം ഞങ്ങൾക്കു കാണിച്ചുതരണമേ! അങ്ങനെ എല്ലാവരും അനിവാര്യരാണെന്നും വേണ്ടപ്പെട്ടവരുമാണെന്നും, ഒരേ മാനവികതയുടെ വൈവിധ്യമാർന്ന മുഖങ്ങളാണെന്നുമുള്ള തിരിച്ചറിവു ഞങ്ങൾക്കു തരണമേ.
ആമേൻ

പാപ്പാ ഫ്രാൻസിസിന്റെ

# FRATELLI TUTTI

ചാക്രിക ലേഖനം


സാഹോദര്യത്തെയും സാമൂഹിക സൗഹൃദത്തെയും കുറിച്ച്



## അടഞ്ഞ ലോകത്തിനു മുകളിൽ ഇരുണ്ട മേഘങ്ങൾ

വിശ്വസാഹോദര്യത്തിന്റെ വളർച്ചയ്ക്ക് തടസ്സങ്ങളാകുന്ന നമ്മുടെ ലോകത്തിലെ പ്രവണതകളെ നിരീക്ഷിക്കുകയാണ് പാപ്പാ ഫ്രാൻസിസ് ഇവിടെ.

ആഗോളവത്ക്കരിക്കപ്പെട്ട സമൂഹം നമ്മെ അയൽക്കാരാക്കുന്നു, പക്ഷെ അതു നമ്മെ സഹോദരീ സഹോദരന്മാരാക്കുന്നില്ല.



### അടഞ്ഞ ലോകത്തിനു മുകളിലെ ഇരുണ്ട മേഘങ്ങളെ ഏതൊക്കെ രീതിയിലാണ് നാം നിരീക്ഷിക്കുന്നത്?

- സമൂഹത്തിൽ വ്യാപകമായി പടർന്നിരിക്കുന്ന നിരാശയും നിരുത്സാഹവും
- ഒരുമിച്ചുള്ള ജീവിതവും സംവാദവും അസാദ്ധ്യമാക്കുന്ന ധ്രുവീകരണം
- എളുപ്പം അവഗണിക്കാവുന്നവരും “ഒഴിവാക്കാവുന്നവരുമായ” വ്യക്തികൾ
- അടിമത്വത്തിന്റെ പുതിയ രൂപങ്ങളും, അവകാശങ്ങളുടെ അസമത്വവും
- ധാർമ്മികതയുടെ ജീർണ്ണതയും ആത്മീയ മൂല്യങ്ങളുടെ ശോഷണവും

ഇന്നു നാം ഇത്തരം മഹത്തായ പദങ്ങളുടെ ദുരുപയോഗത്തിന് സാക്ഷികളാണ് :

ജനാധിപത്യം ഐക്യം
സ്വാതന്ത്ര്യം നീതി


### വെല്ലുവിളികൾക്കു മുന്നിൽ ചാക്രികലേഖനം ഉദ്ബോധിപ്പിക്കുന്നത് നാം സഞ്ചരിക്കേണ്ട വഴി സാമീപ്യത്തിന്റെതാണ്; അത് സമാഗമത്തിന്റെ സംസ്കാരമാണ്



നന്മയുടെ വിത്തുകൾ സമൃദ്ധമായി വിതച്ചുകൊണ്ടേയിരിക്കുന്നു



ഓരോ ദിവസവും ഐക്യദാർഢ്യവും നീതിയും സ്നേഹവും ഒത്തുചേർന്നുള്ള നന്മ സാക്ഷാത്ക്കരിക്കപ്പെടണം



നമ്മുടെ ചക്രവാളത്തെ പരിമിതപ്പെടുത്തുന്ന വ്യക്തിഗത സൗകര്യങ്ങൾക്ക് അപ്പുറം കാണുന്നതാണ് പ്രത്യാശ. മഹത്തായ ആദർശങ്ങളിലേയ്ക്കാണ് അത് വഴിതുറക്കുന്നത്

പാപ്പാ ഫ്രാൻസിസിന്റെ

# FRATELLI TUTTI

ചാക്രിക ലേഖനം

സാഹോദര്യത്തെയും സാമൂഹിക സൗഹൃദത്തെയും കുറിച്ച്

## പാതയിലെ അപരിചിതൻ

നല്ല സമറിയക്കാരന്റെ ഉപമയിലെ കഥാപാത്രങ്ങൾ ആരൊക്കെയാണ്.?

- അക്രമികൾ
- മറുവശത്തുകൂടെ കടന്നുപോകുന്നവർ
- മുറിവേറ്റ് ഉപേക്ഷിക്കപ്പെട്ട ഇര

ഈ സാഹചര്യത്തിൽ *Fratelli tutti* ചോദിക്കുന്നു :

?

ഈ വ്യക്തികളിൽ ആരോടൊപ്പമാണ് നിങ്ങൾ? ആരാണ് നിങ്ങളുടെ അയൽക്കാരൻ?




"അയൽക്കാരനാകാൻ അടുപ്പമുള്ളയാൾ ആരാണെന്ന് നോക്കരുതെന്നാണ് യേശു നമ്മോട് ആവശ്യപ്പെടുന്നത്, മറിച്ച് നമ്മൾ എല്ലാവരുടേയും അയൽക്കാരനാകാനാണ്."

നമ്മുടെ വ്രണിതമായ സമൂഹങ്ങളെ പുനഃരധിവസിപ്പിക്കുന്നതിൽ സജീവമായി പങ്കാളിയാകാൻ “Fratelli tutti” ആഹ്വാനംചെയ്യുന്നു.

### ഇന്നും നല്ല സമറിയക്കാരന്റെ കഥ ആവർത്തിക്കപ്പെടുകയാണ്.

1. നമ്മുടെ തന്നെ നിസംഗതയെ ന്യായീകരിക്കുന്നത് വിധിയാണ്.
2. മറ്റുള്ളവരെ അവഗണിക്കാനാണ് സമൂഹത്തിന്റെ പ്രവണത, പ്രത്യേകിച്ചു ദുർബലരായവരെ.
3. സാമൂഹിക അവഗണന അനുവദിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന ലോകം.
4. സാമൂഹികവും രാഷ്ട്രീയവുമായ അവജ്ഞയുടെ സാക്ഷികളാണ് നാം

ഒരിടത്തുനിന്നോ മറ്റൊരിടത്തുനിന്നോ വരുന്ന സഹോദരനെയോ സഹോദരിയെയോ സഹായിക്കുന്നതിൽനിന്ന് സ്നേഹം നമ്മെ തടയുന്നില്ല.



ഒറ്റപ്പെട്ടവരും തരംതിരിക്കപ്പെട്ടവരുമായി നമ്മെ അകറ്റിനിർത്തുന്ന ചങ്ങലകളെ സ്നേഹം പൊട്ടിച്ചെറിയുന്നു, അതിന്റെ സ്ഥാനത്ത് പാലങ്ങൾ പണിയുന്നു.

വഴിയരികിൽ മുറിവേറ്റു കിടക്കുന്നവരെ സഹായിക്കാൻ നിൽക്കുമോ നിങ്ങൾ, അതോ മറുവശത്തുകൂടെ കടന്നുപോകുമോ.?

ഇത്രയധികം വേദനയുടെയും യാതനയുടെയും മുന്നിൽ നമുക്കുള്ള ഒരേയൊരു വഴി നല്ല സമറിയക്കാരനെ അനുകരിക്കലാണ്.

പാപ്പാ ഫ്രാൻസിസിന്റെ

# FRATELLI TUTTI

ചാക്രിക ലേഖനം

സാഹോദര്യത്തെയും സാമൂഹിക സൗഹൃദത്തെയും കുറിച്ച്

## ഉൾക്കൊള്ളുകയും വളർത്തുകയും ചെയ്യേണ്ട തുറന്ന ലോകം

**യേശു നമ്മോടു പറയുന്നു:** "നിങ്ങളെല്ലാവരും സഹോദരീ സഹോദരങ്ങളാണ്" (മത്തായി 23:8)

### വിശ്വസാഹോദര്യത്തിനായുള്ള വിളിക്ക് തുറവ് ആവശ്യമാണ്

- മറ്റുള്ളവർക്കായ് സമർപ്പിക്കുന്നതിൽ മനുഷ്യൻ സായുജ്യം കണ്ടെത്തുന്നു.
- മറ്റുള്ളവരെ അംഗീകരിക്കുകയും അതിനായി ഏതറ്റംവരെ ചെല്ലുകയും ചെയ്യുന്ന മഹത്തായ കഴിവാണ് സ്നേഹം.
- അതിരുകളെ മറികടക്കുവാനുള്ള സ്നേഹത്തിന്റെ കഴിവ് സാമൂഹിക സൗഹൃദത്തിൽ അധിഷ്ഠിതമാണ്.



**മാനവിക വികസനം സംയോജിതമായി മുന്നോട്ടു കൊണ്ടുപോകുന്ന മൂല്യങ്ങളെ വളർത്തുവാനുള്ള സന്മാർഗ്ഗവഴികൾ പ്രോത്സാഹിപ്പിക്കണം.**

### അതെങ്ങനെ സാധ്യമാകും?

- സാമൂഹിക തലത്തിൽ ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നതിലൂടെ.
- ദാരിദ്ര്യത്തിന്റെയും അസമത്വത്തിന്റെയും ഘടനാപരമായ കാരണങ്ങൾക്കെതിരെ പോരാടുന്നതിലൂടെ.
- സജീവമായ ഭരണനേതൃത്വത്തോട് പാവങ്ങൾക്കും വ്രണിതാക്കൾക്കുമായി മുതൽ മുടക്കാൻ ആവശ്യപ്പെട്ടുകൊണ്ട്.
- ഒരാളും ഒഴിവാക്കപ്പെടുന്നില്ലെന്ന് ഉറപ്പുവരുത്തിക്കൊണ്ട്.
- ഐക്യദാർഢ്യത്തിന്റെയും സേവനത്തിന്റേയും ആഗോള ധാർമ്മികതയിൽ അധിഷ്ഠിതമായ സുസ്ഥിരവും യഥാർത്ഥവുമായ സമാധാനം സ്ഥാപിച്ചുകൊണ്ട്.

[ ഓരോ വ്യക്തിയും വിലപ്പെട്ടതും മൂല്യമുള്ളതുമാകയാൽ അന്തസ്സോടെ ജീവിക്കുവാൻ അവകാശമുള്ളവരുമാണ്. ]

പാപ്പാ ഫ്രാൻസിസിന്റെ
FRATELLI TUTTI
ചാക്രിക ലേഖനം
സാഹോദര്യത്തെയും സാമൂഹിക സൗഹൃദത്തെയും കുറിച്ച്

# മുഴുവൻ ലോകത്തിനായി തുറന്ന ഹൃദയം

## വിശ്വസാഹോദര്യത്തിനായി പ്രവർത്തിക്കുന്ന നടപടികൾ എന്തൊക്കെയാണ്.?


1. പാർശ്വവത്ക്കരിക്കപ്പെട്ടവരേയും കുടിയേറ്റക്കാരേയും സ്വാഗതംചെയ്യുകയും സംരക്ഷിക്കുകയും പ്രോത്സാഹിപ്പിക്കുകയും വേണം.

2. ഒന്നുകിൽ നാം എല്ലാവരും ഒരുമിച്ചു രക്ഷപ്പെടും അല്ലെങ്കിൽ ആരും രക്ഷപ്പെടില്ല എന്ന അവബോധം വളർത്തിയെടുക്കുക.

3. എല്ലാ ജനതകളുടെയും ഐക്യദാർഢ്യത്തോടെയുള്ള വികസനത്തിനായി നൈതികവും രാഷ്ട്രീയവും സാമ്പത്തികവുമായ ഒരു വ്യവസ്ഥ ആഗോളതലത്തിൽ സ്ഥാപിക്കേണ്ടതുണ്ട്.

## എന്താണ് ഔദാര്യം

- നന്മ അടങ്ങിയിരിക്കുന്ന കാര്യങ്ങൾ ചെയ്യുക.
- വ്യക്തിപരമായ നേട്ടമോ പാരിതോഷികമോ കണക്കിലെടുക്കാതെ പ്രവർത്തിക്കുക.
- ഉടൻതന്നെ കാര്യമായ നേട്ടം ഉണ്ടായില്ലെങ്കിൽപ്പോലും കുടിയേറ്റക്കാരെ നാം സ്വീകരിക്കേണ്ടതാണ്.



"നമ്മുടെ ലോകത്തെ വ്യത്യസ്ത രാജ്യങ്ങളുടെ യഥാർത്ഥ മൂല്യം അളക്കുന്നത് വിശാലമായ മാനവിക കുടുംബത്തിന്റെ ഭാഗമായി ചിന്തിക്കുവാനുള്ള അവരുടെ കഴിവു നോക്കിയാണ്. ദൈവം സൗജന്യമായാണ് എപ്പോഴും നൽകുന്നത്".

**ആരോഗ്യമുള്ള ഓരോ സംസ്കാരവും അതിന്റെ പ്രകൃതത്തിൽതന്നെ തുറവുള്ളതും അന്യരെ സ്വാഗതം ചെയ്യുന്നതുമായിരിക്കും**

വ്യത്യസ്ഥരായവരെ മനസ്സിലാക്കുവാനും സഹായിക്കുവാനും നാം മനസ്സിലും ഹൃദയത്തിലും തുറവുള്ളവരാകണം.

സാർവ്വജനീനമായ കൂട്ടായ്മയിലാണ് ഓരോ മാനവിക സംഘവും തങ്ങളുടെ സൗന്ദര്യം കണ്ടെത്തുന്നത്.

മനുഷ്യർ പരിമിതികളുള്ളവരായിരിക്കെ പരിധികൾക്ക് അതീതരുമാണ്.

രാഷ്ട്രങ്ങളുടെ കുടുംബമാണ് ലോകം എന്ന ചിന്തയിൽ അയൽക്കാരെ സഹായിക്കുവാനുള്ള ഹൃദയവിശാലത നമുക്കുണ്ടോ?

പാപ്പാ ഫ്രാൻസിസിന്റെ

# FRATELLI TUTTI

ചാക്രിക ലേഖനം

സാഹോദര്യത്തെയും സാമൂഹിക സൗഹൃദത്തെയും കുറിച്ച്

## മികവുറ്റ രാഷ്ട്രീയം

"യേശുവിന്റെ പ്രബോധനത്തിൽ സ്നേഹമാണ് മുഴുവൻ നിയമത്തിന്റെയും അന്തഃസത്ത (മത്തായി 22:36-40)

## മികവുറ്റ രാഷ്ട്രീയം എന്നാലെന്ത്?

- പൊതുനന്മയെ യഥാർത്ഥത്തിൽ പ്രോത്സാഹിപ്പിക്കുന്നതായിരിക്കണം
- വെറുതെ വോട്ടു നേടിയെടുക്കുക മാത്രമാവരുത് ലക്ഷ്യം
- വ്യക്തിപരമായ വളർച്ചയ്ക്ക് വഴിയൊരുക്കാൻ സഹായിക്കുന്നതായിരിക്കണം
- ക്രിയാത്മകമായ വ്യവഹാരങ്ങളെയും ഉത്പാദനക്ഷമമായ വൈവിധ്യത്തെയും സഹായിക്കുന്ന സമ്പദ് വ്യവസ്ഥ വളർത്തി എടുക്കുന്നതായിരിക്കണം
- ദീർഘവീക്ഷണമുള്ളതും, സംയോജിതവുമായ പരസ്പര സംവാദത്തിന് പ്രാപ്തിയുള്ളതുമായിരിക്കണം.

സാമൂഹിക സ്നേഹം ആത്മാവായുള്ള ഒരു സാമൂഹിക രാഷ്ട്രീയ വ്യവസ്ഥയ്ക്കായി *'Fratelli tutti'* എന്നു ചിന്തിക്കാനാവണം.

- ✓ നാമെല്ലാം വിളിക്കപ്പെട്ടവരാണ് എന്ന് തോന്നിക്കുന്ന സ്നേഹത്തിന്റെ സംസ്കാരത്തിലേക്ക് വളരാം
- ✓ ഒരാളെയും ഒഴിവാക്കാതെ എല്ലാവരെയും സഹോദരീസഹോദരന്മാരായി അംഗീകരിക്കാം
- ✓ സത്യത്തിന്റെയും യുക്തിയുടെയും വിശ്വാസത്തിന്റെയും വെളിച്ചം യഥാർത്ഥമായ സ്നേഹത്തിന് ആവശ്യമാണ്.



[ പൊതുനന്മയെ സ്നേഹിക്കാൻ സാമൂഹിക ഉപവി നമ്മെ പ്രാപ്തരാക്കുന്നു. എല്ലാ ജനങ്ങളിലും നന്മയെ ഫലപ്രദമായി അന്വേഷിക്കാൻ അതു നമ്മെ സഹായിക്കുകയും അവരെ ഒന്നിപ്പിക്കാനുള്ള സാമൂഹികമാനം നൽകുകയും ചെയ്യുന്നു. ]

**രാഷ്ട്രീയ പ്രവർത്തനത്തിൽ ഓരോ വ്യക്തിയും നല്ലവരും, സ്നേഹവും ബഹുമാനവും അർഹിക്കുന്നവരുമാണ്.**

[ "മെച്ചപ്പെട്ട ഒരു ജീവിതം നേടാൻ ഒരു വ്യക്തിയെ എങ്കിലും എനിക്കു സഹായിക്കാനായാൽ എന്റെ ജീവസമർപ്പണം ന്യായീകരിക്കപ്പെടുന്നു. ]

06

പാപ്പാ ഫ്രാൻസിസിന്റെ

# FRATELLI TUTTI

ചാക്രിക ലേഖനം

സാഹോദര്യത്തെയും സാമൂഹിക സൗഹൃദത്തെയും കുറിച്ച്

## സംവാദവും സൗഹൃദവും സമൂഹത്തിൽ

### സംവാദത്തിന്റെ അർത്ഥമെന്താണ്?

- സമീപിക്കൽ
- സംസാരിക്കൽ
- ശ്രവിക്കൽ
- കാണൽ
- അറിയിക്കുവാനും മനസ്സിലാക്കുവാനുമുള്ള ശ്രമം
- പൊതുവിടം കണ്ടെത്തൽ.



### കണ്ടുമുട്ടലിന്റെ സംസ്കാരം അനുസരിച്ച്

മറ്റുള്ളവരിൽനിന്ന് നമുക്ക് ഓരോരുത്തർക്കും എന്തെങ്കിലും പഠിക്കുവാനുണ്ട്. ആരും ഉപയോഗശൂന്യരല്ല, ആരും ചെലവഴിക്കപ്പെടേണ്ടവരല്ല.

**ബഹുസ്വരതയുള്ള ഒരു സമൂഹം സംവാദം പ്രോത്സാഹിപ്പിക്കുന്നു.**

1. എല്ലാ സാഹചര്യങ്ങളിലും മറ്റുള്ളവരുടെ അന്തസ്സിനെ ബഹുമാനിക്കുന്നു.
2. ഭിന്നതകളെ സംയോജിപ്പിച്ചുകൊണ്ട് യഥാർത്ഥവും സുസ്ഥിരവുമായ സമാധാനം ഉറപ്പുവരുത്തുന്നു.
3. സൗഹൃദാന്തരീക്ഷം പുലർത്തിക്കൊണ്ട് സ്വന്തമായി ജീവിക്കുവാനുള്ള അവകാശം അംഗീകരിക്കുന്നു.

### സംവാദത്തെ സഹായിക്കാത്ത മനോഭാവവും പ്രവൃത്തികളും എന്തൊക്കെയാണ്.?

- നാം പ്രകടിപ്പിക്കുന്ന ആക്രമണോത്സുകത, ഉദാഹരണത്തിന് സാമൂഹ്യ മാധ്യമ ശൃംഖലകളിലെ ഏകപക്ഷീയത.
- മറ്റുള്ളവരെ ശ്രവിക്കാൻ സന്നദ്ധമല്ലാത്ത ആത്മഭാഷണങ്ങൾ.
- പെട്ടെന്നും അപമാനകരവുമായ രീതിയിലും മറ്റുള്ളവരെ അവഹേളിക്കൽ.

[ മറ്റുള്ളവരുടെ വീക്ഷണങ്ങളെ ആദരിക്കുവാനുള്ള കഴിവ് ഉൾച്ചേർന്നതാണ് ആധികാരികമായ സാമൂഹിക സംവാദം ]

# കണ്ടുമുട്ടലിന്റെ പുതിയ പാതകൾ


**സമാധാനത്തിന്റെ പാതയിൽ കണ്ടുമുട്ടലിന്റെ പ്രക്രിയകൾ വളരെ അത്യാവശ്യമാണ്.**

- യഥാർത്ഥ അനുരഞ്ജനത്തിൽ
- ഓരോ വ്യക്തിയുടെയും തനിമയെ നിഷേധിക്കാത്ത പൊതുവായ പദ്ധതികളിൽ
- എല്ലാ വ്യക്തികളുടെയും അന്തസ്സിനെ അംഗീകരിക്കുന്നതിലും, സംരക്ഷിക്കുന്നതിലും, പുനഃസ്ഥാപിക്കുന്നതിലും
- അവഗണിക്കപ്പെട്ടവരും നിഷ്ക്കാസിതരും പാവങ്ങളുമായവരുടെ അവസരലബ്ധിയിൽ
- മാപ്പുനൽകലിന്റെ അർത്ഥത്തെ അംഗീകരിക്കുന്നതിലും ശ്ലാഘിക്കുന്നതിലും

അക്രമത്തെയോ അസഹിഷ്ണുതയെയോ യേശു ഒരിക്കലും പ്രോത്സാഹിപ്പിച്ചിരുന്നില്ല. "ഏഴ് എഴുപതു പ്രാവശ്യം ക്ഷമിക്കണ"മെന്നാണ് സുവിശേഷം നമ്മോടു പറയുന്നത്
(മത്തായി 18-23)

## യഥാർത്ഥ മാപ്പുനൽകലും യഥാർത്ഥ അനുരഞ്ജനവും.

- സംവാദത്തിലൂടെ സംഘർഷങ്ങൾക്കുള്ള പ്രശ്നപരിഹാരം സാധ്യമാക്കുന്നു.
- പരസ്പരമുള്ള വെറുപ്പിൽനിന്നും ശത്രുതയിൽനിന്നും സംവാദം സ്വതന്ത്രമാക്കുന്നു.
- നീതിക്കായുള്ള ആഗ്രഹത്തിൽ അധിഷ്ഠിതമായി ഭിന്നതകളെ സത്യസന്ധമായി ചർച്ച ചെയ്യുവാൻ സാധിക്കുന്നു.
- വിസ്മൃതിയോ നിസംഗതയോ ഉദ്ദേശിക്കുന്നില്ല.
- പ്രതികാരത്തിന്റെ ദൂഷിത വലയത്തിൽവീണുപോകുന്നില്ല.



“രാഷ്ട്രീയ ചിന്തയിലും ഭാഷയിലും സംസ്ക്കാരത്തിലും മതത്തിലും വേരൂന്നിയ നമ്മുടെ ഭിന്നതകളെ മറികടക്കുവാനായി, സഹോദരങ്ങളെ ഉൾക്കൊള്ളുവാൻ ഹൃദയങ്ങളെ സജ്ജമാക്കണമേയെന്ന് ഞാൻ ദൈവത്തോട് അപേക്ഷിക്കുകയാണ്.”

– പാപ്പാ ഫ്രാൻസിസ്

പാപ്പാ ഫ്രാൻസിസിന്റെ
FRATELLI TUTTI
ചാക്രിക ലേഖനം
സാഹോദര്യത്തെയും സാമൂഹിക സൗഹൃദത്തെയും കുറിച്ച്

# ലോകത്തിന്റെ സാഹോദര്യ സേവനത്തിനായി മതങ്ങൾ

## നാമെല്ലാവരും ദൈവമക്കളാണെന്ന അവബോധത്തോടെ മാത്രമേ നമുക്ക് പരസ്പരം സമാധാനത്തോടെ ജീവിക്കുവാനാകൂ

സാഹോദര്യം പടുത്തുയർത്തുന്നതിൽ വ്യത്യസ്ത മതങ്ങൾ നിർണ്ണായകമായ സംഭാവനകൾ നൽകുന്നു.

യഥാർത്ഥ സഹോദരീ സഹോദരന്മാരും സഹയാത്രികരുമായി ഓരോരുത്തരെയും അംഗീകരിക്കാൻ നമ്മെ സഹായിക്കുന്നത് ദൈവത്തെ അന്വേഷിക്കുന്നതിലൂടെയാണ്.

മതസ്വാതന്ത്ര്യത്തിന്റെയും മനഃസാക്ഷി സ്വാതന്ത്ര്യത്തിന്റെയും നിരാകരിക്കൽ മാനവകുലത്തെ ദരിദ്രമാക്കുന്നു.

## അമ്മയായതു കാരണം വാതിലുകൾ തുറന്നിട്ട ഒരു ഭവനമാണ് സഭ

1. അവൾ പാലങ്ങൾ പണിയുന്നു.
2. അവൾ മതിലുകൾ പൊളിച്ചുകളയുന്നു.
3. അവൾ അനുരഞ്ജനത്തിന്റെ വിത്തുകൾ വിതയ്ക്കുന്നു.

## മതങ്ങൾക്കിടയിൽ സമാധാനത്തിന്റെ സഹയാത്ര സാധ്യമാണ്.

- ദൈവം ഹൃദയംകൊണ്ട് കാണുന്നതിനാൽ, അവിടുന്നു കാര്യങ്ങളെ നോക്കുന്ന രീതിയിലായിരിക്കണം ഈ യാത്രയുടെ പ്രാരംഭ ബിന്ദു.
- അടിസ്ഥാനപരമായ മതബോധ്യങ്ങളിൽ അക്രമത്തിന് യാതൊരു സ്ഥാനവുമില്ല.
- ജീവിതത്തോടും അന്തസ്സിനോടും സ്വാതന്ത്ര്യത്തോടുമുള്ള ആദരവ് ഫലമണിയുന്നത് ആത്മാർത്ഥവും എളിമയുള്ളതുമായ ദൈവാരാധനയിലൂടെയാണ്.



"സംവാദത്തിന്റെ പ്രയോക്താക്കളാകുവാനാണ് യഥാർത്ഥത്തിൽ മതനേതാക്കൾ വിളിക്കപ്പെട്ടിരിക്കുന്നത്. അതിനാൽ അവർ അനുരഞ്ജിതരായി സമാധാനം പടുത്തുയർത്താൻ സഹകരിക്കേണ്ടതാണ്.

## ക്രൈസ്തവൈക്യത്തിനായുള്ള പ്രാർത്ഥന

ഓ ദൈവമേ, സ്നേഹമായ ത്രിത്വമേ,
അങ്ങയുടെ ദൈവിക ജീവന്റെ ഗാഢമായ ഒരുമയിൽനിന്ന് അങ്ങേ
സ്നേഹപ്രവാഹം ഞങ്ങളുടെമേൽ ചൊരിയണമേ. ആദിമ ക്രൈസ്തവ
സമൂഹത്തിലും, സത്യത്തിലെ അവിടുത്തെ കുടുംബത്തിലും, യേശുവിന്റെ
പ്രവൃത്തികളിലും പ്രതിഫലിച്ച സ്നേഹം ഞങ്ങൾക്കു ദാനം നൽകണേ.
സുവിശേഷ ജീവിതം നയിക്കുവാനും, ഓരോ മനുഷ്യജീവിതവും
ക്രിസ്തുവിനെ കണ്ടെത്തുവാനും, ഞങ്ങളുടെ ലോകത്തിൽ
പരിത്യക്തരുമായവരുടെ
യാതനകളിൽ ക്രൂശിതനെ തിരിച്ചറിയുവാനും, ജീവിതം നവമായി
ആരംഭിക്കുന്ന ഓരോ സഹോദരീ-സഹോദരന്മാരിലും അവിടുത്തെ ഉയിർപ്പ്
ദർശിക്കുവാനും വരമേകണേ.
പരിശുദ്ധാത്മാവേ, വരേണമേ, ഭൂമിയിലെ എല്ലാ ജനതകളിലും പ്രകാശിക്കുന്ന
അങ്ങേ സൗന്ദര്യം ഞങ്ങളിലും അത് പ്രതിഫലിപ്പിക്കേണമേ.
അങ്ങനെ ശ്രേഷ്ഠമായവയെ നവമായി കണ്ടെത്താൻ
ഞങ്ങൾക്കു കഴിവുനല്കണമേ. മാനവികതയുടെ ഒരേമുഖങ്ങൾ
വ്യത്യസ്തമായി ചുറ്റും തെളിയുമ്പോൾ ദൈവമേ, അങ്ങ് ഞങ്ങളെ
സ്നേഹിക്കുന്നുവല്ലോ!
ആമേൻ